"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗരവികസന പദ്ധതി - ജി.ജി. ഹോസ്പിറ്റൽ-കുമാരപുരം-പൂന്തി അണമുഖം റോഡിന്റെ വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 479/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുക അനുവദിക്കുന്നതിന് ഭരണാനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1313/2025/LSGD തീയതി, തിരുവനന്തപുരം, 28-05-2025**

---

പരാമർശം:-

1. ബഹു.തിരുവനന്തപുരം II അഡീഷണൽ സബ് കോടതിയുടെ എൽ.എ.ആർ.479/2009 നമ്പർ കേസിന്മേലുള്ള 21/12/2019-ലെ വിധിന്യായം.
2. സ.ഉ.(പി) നം.32/2019/ധന തീയതി 18/03/2019.
3. തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയുടെ 18/05/2023 തീയതിയിലെ എ3/2817/2007/ട്രിഡ നമ്പർ കത്ത്
4. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 21/04/2025 തീയതിയിലെ കെ10/301511/20 നമ്പർ കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ-കുമാരപുരം-പൂന്തി-അണമുഖം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കടകംപ്പള്ളി വില്ലേജിൽ സർവ്വേ നം. 1614/3-1 (എൽ.എ.റീ. സർവ്വേ നം. 147/2018)-ൽ ഉൾപ്പെട്ട 0.07 ആർ സ്ഥലം ഏറ്റെടുത്തതുമായി ബന്ധപ്പെട്ട എൽ.എ.ആർ. 479/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 3,89,392/- രൂപ (മൂന്ന് ലക്ഷത്തി എൺപത്തൊമ്പതിനായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം) അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന് പരാമർശം (3), (4) എന്നിവ പ്രകാരം യഥാക്രമം തിരുവനന്തപുരം വികസന അതോറിറ്റി സെക്രട്ടറിയും, തിരുവനന്തപുരം ജില്ലാ കളക്ടറും അഭ്യർത്ഥിക്കുകയുണ്ടായി.

2) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി ജി.ജി. ഹോസ്പിറ്റൽ-കുമാരപുരം-പൂന്തി-അണമുഖം റോഡിന്റെ വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കടകംപ്പള്ളി വില്ലേജിൽ സർവ്വേ നം. 1614/3-1 (എൽ.എ.റീ. സർവ്വേ നം. 147/2018)-ൽ ഉൾപ്പെട്ടതും ശ്രീ. സുരേന്ദ്രൻ, ശ്രീമതി കെ. ഹേമലത എന്നിവരുടെ ഉടമസ്ഥതയിൽ ഉണ്ടായിരുന്നതുമായ 0.07 ആർ സ്ഥലം ഏറ്റെടുത്തതുമായി

ബന്ധപ്പെട്ട എൽ.എ.ആർ. 479/2009 നമ്പർ കേസിലെ ബാലൻസ് വിധിക്കടത്തുകയായ 3,89,392/- രൂപ (മൂന്ന് ലക്ഷത്തി എൺപത്തൊ മ്പതിനായിരത്തി മുന്നൂറ്റി തൊണ്ണൂറ്റി രണ്ട് രൂപ മാത്രം) '4217-60-800-93 Payment of Compensation in LAR cases' എന്ന ശീർഷകത്തിൽ നിന്നും ടി കേസിലെ കക്ഷികളായ ശ്രീ. സുരേന്ദ്രൻ (S/o സുകുമാരൻ, കുന്നത്ത് വീട്, വെൺപാലവട്ടം, തിരുവനന്തപുരം) ശ്രീമതി കെ. ഹേമലത (റ്റി.സി.76/2450, കുന്നത്ത് വീട്, വെൺപാലവട്ടം, തിരുവനന്തപുരം) എന്നിവർക്ക് അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. സുരേന്ദ്രൻ, S/o സുകുമാരൻ, കുന്നത്ത് വീട്, വെൺപാലവട്ടം, തിരുവനന്തപുരം (ജില്ലാ കളക്ടർ, തിരുവനന്തപുരം മുഖേന).
ശ്രീമതി കെ. ഹേമലത, റ്റി.സി.76/2450, കുന്നത്ത് വീട്, വെൺപാലവട്ടം, തിരുവനന്തപുരം (ജില്ലാ കളക്ടർ തിരുവനന്തപുരം മുഖേന).
സ്പെഷൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ. എ.) തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, ട്രഷറി വകുപ്പ്, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി (ആർ.ഇ.1/3/2025/ത.സ്വ.ഭ.വ.)

ഉത്തരവിൻ പ്രകാരം

Signed by
Biju. B
Date: 29-05-2025 12:36:24
സെക്ഷൻ ഓഫീസർ